

# “വന്നു കാണുക”

(യോഹ. 1:39)

## ജീവിതം ഒരു ദൈവവിളിയാണ്

## ഇടയലേഖനം 2023

ബിഷപ്പ് പൗലോ മാർട്ടിനെല്ലി OFM CAP



അഭിവന്ദ്യ ബിഷപ്പ് പൗലോ മാർട്ടിനെല്ലി OFM Cap, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, ഒമാൻ, യെമൻ എന്നീ രാജ്യങ്ങൾ ഉൾക്കൊള്ളുന്ന കത്തോലിക്കാ സഭയുടെ ഒരു പ്രദേശിക അധികാരപരിധിയായ അപ്പസ്തോലിക് വികാരിയേറ്റ് ഓഫ് സതേൺ അറേബ്യയുടെ അപ്പസ്തോലിക് വികാറാണ്.

ഇറ്റലിയിലെ മിലാനിൽ ഒക്ടോബർ 22, 1958-ൽ ജനിച്ച ബിഷപ്പ് പൗലോ, 1980ൽ സന്യാസവ്രതവാഗ്ദാനം നടത്തുകയും, 1985-ൽ വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു.

ഫ്രാൻസീസ് പാപ്പ, ബിഷപ്പ് പോൾ ഹിൻഡറിന്റെ പിൻഗാമിയായി ബിഷപ്പ് പൗലോയെ മെയ് 1, 2022-ൽ അപ്പസ്തോലിക് വികാർ ഓഫ് സതേൺ അറേബ്യയായി നിയമിച്ചു. അപ്പസ്തോലിക് വികാറായി അദ്ദേഹത്തിന്റെ കാനോനിക്കൽ സ്ഥാനാരോഹണം ജൂലൈ 2, 2022ൽ അബുദാബിയിലെ സെൻറ് ജോസഫ്സ് കത്തീഡ്രലിൽവച്ച് നടന്നു. ഈ നിയമനത്തിന് മുമ്പ്, ബിഷപ്പ് പൗലോ മേയ്, 2014 മുതൽ മിലാൻ മെട്രോപൊളിറ്റൻ അതിരൂപതയുടെ സഹായമെത്രാനായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു.

2006 മുതൽ സമർപ്പിത ജീവിതത്തിന്റെയും അപ്പസ്തോലിക ജീവിതത്തിന്റെയും കോൺഗ്രിഗേഷനുകളുടെ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ കൺസട്ടറായും, 2009 മുതൽ ബിഷപ്പുമാരുടെ സിനഡിന്റെ ജനറൽ സെക്രട്ടേറിയറ്റിന്റെ കൺസട്ടറായും പ്രവർത്തിച്ചിട്ടുണ്ട്. 2012 മുതൽ കോൺഗ്രിഗേഷൻ ഫോർ ദി ഡോക്ട്രിൻ ഓഫ് ദി ഫെയ്ത്തിന്റെ കൺസട്ടറായി അദ്ദേഹം പ്രവർത്തിച്ചുവരുകയായിരുന്നു.

ബിഷപ്പ് പൗലോയുടെ എപ്പിസ്ക്കോപ്പൽ ആദർശവചനം "ഗ്ളോറിയാ ദെയ് വിവൻസ് ഹോമോ" *(പൂർണ്ണനായി ജീവിക്കുന്ന മനുഷ്യനിലാണ് ദൈവത്തിന്റെ മഹത്വം)* എന്നതാണ്.



# “വന്നു കാണുക”

(യോഹ. 1:39)

**ജീവിതം ഒരു ദൈവവിളിയാണ്**

**ഇടയലേഖനം 2023**

ബിഷപ്പ് പൗലോ മാർട്ടിനെല്ലി OFM CAP
അപ്പസ്തോലിക് വികാർ ഓഫ് സതേൺ അറേബ്യ

## ഉള്ളടക്കം


1. **ഒരു കണ്ടുമുട്ടൽ**
   ആദ്യത്തെ ഒരു കണ്ടുമുട്ടൽ: യോഹന്നാനും അന്ത്രയോസും
   വിശുദ്ധ അരേത്താസിൻെറയും കൂട്ടാളികളുടേയും പാതയിൽ തുടരുന്ന ഒരു കൂടിക്കാഴ്ച

2. **തിരുസഭ: മാമ്മോദീസാ സ്വീകരിച്ചവരുടെ ഒരു സമൂഹം**
   ഒരേ മാമ്മോദീസാ
   ഭാഷാസമൂഹങ്ങളും ഐക്യസഭയും
   ബിഷപ്പുമാരുടെ അടുത്ത സിനഡിനെക്കുറിച്ചുള്ള ഒരു വീക്ഷണം

3. **ജീവിതം ഒരു ദൈവവിളി**
   ജീവിതത്തിലേയ്ക്കുള്ള ദൈവവിളി
   എല്ലാ ജീവജാലങ്ങളുമായിട്ടുള്ള ബന്ധത്തിലൂടെ : അങ്ങേയ്ക്കു സ്തുതി
   വിവാഹവും കുടുംബവും
   സമർപ്പിത ജീവിതം
   ശുശ്രൂഷാപരമായ പൗരോഹിത്യം

4. **ദൈവവിളിയും വിവേകവും**
   ശരിയായ ദൈവവിളിയുടെ വിവേചിച്ചറിയൽ
   സജീവമായ ഒരു അജപാലന "സംഘം"

5. **സാക്ഷികളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു**

## 1. ഒരു കണ്ടുമുട്ടൽ

പ്രിയ സഹോദരീ സഹോദരൻമാരെ, എൻെറ നിയമനം കഴിഞ്ഞ് ഒരു വർഷത്തിലേറെയായതിനും അപ്പസ്തോലിക് വികാരിയേറ്റ് ഓഫ് സതേൺ അറേബ്യയിലെ എല്ലാ ഇടവകകളിലും എൻെറ ആദ്യത്തെ അജപാലന സന്ദർശനം നടത്തിയതിനും ശേഷം ഈ ഇടയലേഖനത്തിലൂടെ ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുകയാണ്. നിങ്ങളുമായുള്ള എൻെറ കൂടിക്കാഴ്ച്ചകൾക്കു ശേഷമുള്ള ചില ചിന്തകൾ പങ്കിടുന്നതിനൊപ്പം, സുവിശേഷങ്ങളുടെ ആദ്യതാളുകളിൽ നാം മുമ്പ് കണ്ടിട്ടുള്ള ക്രിസ്തീയ ജീവിതത്തിൻെറ ഒരു അടിസ്ഥാന സ്വഭാവത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### *ആദ്യത്തെ കണ്ടുമുട്ടൽ: യോഹന്നാനും അന്ത്രയോസും*

വിശുദ്ധ യോഹന്നാൻെറ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ, ദൈവത്തിൻെറ നിഗൂഢരഹസ്യവും ദൈവീകജീവൻ നമുക്ക് വെളിപ്പെടുത്തുന്ന പുത്രൻെറ അവതാരവും വിവരിക്കുന്ന അതിഗംഭീരമായ ആമുഖത്തിനുശേഷം (യോഹ.1, 1-18) ക്രിസ്തീയ വിശ്വാസത്തിൻെറ സത്തയെ ഓർമ്മിപ്പിക്കുന്ന വളരെ ലളിതമായ ഒരു കഥ നമുക്ക് കാണാം. ക്രിസ്തീയ വിശ്വാസത്തിൻെറ ആരംഭത്തിൽ ഒരു സമാഗമത്തിൻെറ കൃപയുണ്ട്.

*അടുത്ത ദിവസം യോഹന്നാൻ തൻെറ ശിഷ്യൻമാരിൽ രണ്ടുപേരോടുകൂടെ നില്ക്കുമ്പോൾ യേശു നടന്നുവരുന്നതു കണ്ടു പറഞ്ഞു. ഇതാ, ദൈവത്തിൻെറ കുഞ്ഞാട്. അവൻ പറഞ്ഞതുകേട്ട് ആ രണ്ടു ശിഷ്യൻമാർ യേശുവിനെ അനുഗമിച്ചു. യേശു തിരിഞ്ഞു, അവർ തൻെറ പിന്നാലെ വരുന്നതുകണ്ട്, ചോദിച്ചു: നിങ്ങൾ എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ – ഗുരു എന്നാണ് ഇതിനർത്ഥം - അങ്ങ് എവിടെയാണു വസിക്കുന്നത്? അവൻ പറഞ്ഞു: വന്നു കാണുക (യോഹ.. 1:35-39).*

സ്നാപകയോഹന്നാൻ, തൻെറ അടുത്തേക്കു വരുന്ന യേശുവിനെ കാണുമ്പോൾ, അവനെ തിരിച്ചറിയുകയും, അവൻ ദൈവത്തിൻെറ കുഞ്ഞാടാണെന്നും, ലോകത്തിൻെറ പാപങ്ങളെ നീക്കുന്നവനാണെന്നും പ്രഘോഷിക്കുന്നു. അവൻെറ ശിഷ്യൻമാരിൽ രണ്ടുപേർ, അന്ത്രയോസും ഈ സുവിശേഷത്തിൻെറ രചയിതാവായ യോഹന്നാനും, അവനെ അനുഗമിക്കാൻ തുടങ്ങുന്നു. ഒരു പ്രത്യേക ഘട്ടത്തിൽ, തന്നെ ആരോ പിന്തുടരുന്നതായി യേശു മനസ്സിലാക്കുന്നു. അപ്പോൾ അവൻ തിരിഞ്ഞ് അവരോട് ചോദിക്കുന്നു: "നിങ്ങൾ എന്തന്വേഷിക്കുന്നു?". ആശ്ചര്യമുളവാക്കുന്ന ഈ ചോദ്യം കേട്ടിട്ടായിരിക്കാം ശിഷ്യൻമാർ ഒരു പക്ഷേ അദ്ദേഹത്തിന് ഇപ്രകാരം മറുപടി നൽകിയത്: റബ്ബീ അങ്ങ് എവിടെയാണു വസിക്കുന്നത്? ദൈവത്തെക്കുറിച്ചോ ലോകത്തിലെ വലിയ മാറ്റങ്ങളെക്കുറിച്ചോ ചോദ്യങ്ങൾ ചോദിക്കുന്നതിനു പകരം, അവൻ എവിടെയാണു താമസിക്കുന്നത് എന്നു മാത്രം അവർ അവനോട് ചോദിക്കുന്നു.

ശിഷ്യന്മാരുടെ ചോദ്യത്തിൽ *നിലനിൽക്കുക* എന്ന നിർണായകമായ ഒരു ക്രിയാപദം ഉപയോഗിക്കുന്നു. യേശുവിൻെറ ശിഷ്യൻമാരുമായുള്ള ബന്ധത്തെ വിവരിക്കാൻ യോഹന്നാൻെറ സുവിശേഷം പലതവണ ഉപയോഗിക്കുന്ന ഒരു ക്രിയാപദമാണിത്. ഉദാഹരണത്തിന്, തൻെറ ദൗത്യത്തിൻെറ അവസാന ഘട്ടത്തിൽ, ഫലം പുറപ്പെടുവിക്കാൻ മുന്തിരിവള്ളിയിലെ ശാഖകൾ പോലെ നാം അവനിൽ നിലനിൽക്കണമെന്ന് യേശു പറയുന്നുണ്ട്. (യോഹ 15:1-17). കൂടാതെ യേശു പിതാവിലും പിതാവിനോടുള്ള സ്നേഹത്തിലും "നിലനിൽക്കുന്നതുപോലെ" തന്നോടുള്ള സ്നേഹത്തിൽ "നിലനിൽക്കാൻ" അവരെ ക്ഷണിക്കുമ്പോഴും ഈ ക്രിയാപദം ഉപയോഗിക്കുന്നു (യോഹ15:10).

ശിഷ്യൻമാരുടെ ചോദ്യത്തിന് യേശു വളരെ ലളിതമായി ''വന്നു കാണുക'' (യോഹ 1:39) എന്ന് ഉത്തരം നൽകുന്നു. യേശു ''വരിക'' (മത്താ 4:19, മർക്കോ 1:17) അല്ലെങ്കിൽ ''എന്നെ അനുഗമിക്കുക'' (മത്താ 8:22, ലൂക്കാ 5:27, 9:59, 18:22, യോഹ1:43) എന്ന വാക്യങ്ങൾ ഉപയോഗിക്കുന്ന മറ്റ് നിരവധി ഉദാഹരണങ്ങൾ സുവിശേഷത്തിൽ നാം കാണുന്നുണ്ട്.

ക്രിസ്തുമതം ആരംഭിക്കുന്നത് ഒരു കണ്ടുമുട്ടലിലൂടെയും, യേശുവിനോടൊപ്പം ആയിരിക്കാനുള്ള ക്ഷണത്തോടു കൂടെയുമാണു. യേശുവിനെ കണ്ടുമുട്ടുകയും അവിടുത്തെ അനുഗമിക്കാനുമുള്ള ക്ഷണം സ്വീകരിക്കുകയും ചെയ്തിട്ടുള്ളവരാണ് ക്രിസ്തീയ വിശ്വാസികളാകുന്നത്.

ശിഷ്യൻമാർ യേശുവിനെ അനുഗമിക്കുകയും അവൻ എവിടെയാണ് താമസിക്കുന്നതെന്ന് കാണുകയും ചെയ്തതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു (യോഹ 1:39). ആശ്ചര്യമെന്നു പറയട്ടെ, ഉച്ചകഴിഞ്ഞുള്ള ആ സമയത്തെ അവരുടെ സംഭാഷണം സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അവർ അവൻെറ വാസസ്ഥലം കണ്ടുവെന്നു മാത്രം പറയുന്നു. ഒരു ലളിതമായ വീട്. ഒരു ആശാരിയുടെ വീടായിരുന്നു അത്. അവർ യേശുവിൻെറ അമ്മയായ മറിയത്തെ കണ്ടുമുട്ടിയിരിക്കാം. യേശുവും മറിയവും തമ്മിലുള്ള ലളിതവും അഗാധവുമായ ബന്ധം ശിഷ്യൻമാർ കണ്ടിട്ടുണ്ടാകാം. യേശുവിൻെറ ദൗത്യത്തിൻെറ അവസാനം വരെ, അതായത് യോഹന്നാൻ എന്ന പ്രിയപ്പെട്ട ശിഷ്യനോടൊപ്പം മറിയത്തെ കുരിശിൻ ചുവട്ടിൽ കാണുന്നതുവരെ, ഈ ബന്ധം തുടരുന്നതായി നമുക്ക് കാണാൻ സാധിക്കും (യോഹ 1:19).

ആ കൂടിക്കാഴ്ചയിലും യേശുവിൻെറ ഭവനം കണ്ടതിലും ആ രണ്ടു ശിഷ്യൻമാർക്കും വളരെ സന്തോഷവും ആശ്ചര്യവും തോന്നിയിരിക്കണം. അതുകൊണ്ടാണ് വിശുദ്ധ യോഹന്നാൻ തൻെറ ജീവിതാവസാനം, ഒരു വൃദ്ധനായിരുന്നപ്പോൾപ്പോലും, ഈ സുവിശേഷം എഴുതിയപ്പോൾ അത് സംഭവിച്ച സമയം പോലും ഓർത്തിരുന്നത്. ''അത് ഉച്ചകഴിഞ്ഞ് ഏകദേശം 4 മണി ആയിരുന്നു'' (യോഹ 1:39).

ഇത്രയും വർഷങ്ങൾക്ക് ശേഷവും ആ കൂടിക്കാഴ്ചയുടെ സമയം അദ്ദേഹം എന്തിനാണ് ഓർത്തിരുന്നത്? കാരണം, ആ സംഭവം മറ്റ് ശിഷ്യൻമാരുടെ ജീവിതത്തിലേതുപോലെ അദ്ദേഹത്തിൻെറ ജീവിതത്തിലും എല്ലാം മാറ്റി മറിച്ചു. ജോർദ്ദാൻ നദിയുടെ തീരത്തെ ആ കൂടിക്കാഴ്ചയിൽ നിന്നാണ് അവരുടെ ജീവിതം മുഴുവൻ രൂപാന്തരപ്പെട്ടത്. കർത്താവായ യേശുവുമായുള്ള കണ്ടുമുട്ടലിനുശേഷം ഒന്നും പഴയതുപോലെ നിലനിന്നില്ല. ആ കൂടിക്കാഴ്ച അവരുടെ ജീവിതത്തിന് ഒരു വഴിത്തിരിവായി. യേശുവിനെ അനുഗമിച്ച ശിഷ്യന്മാർ അവരുടെ ജീവിതത്തെ വ്യത്യസ്തമായ രീതിയിൽ മനസ്സിലാക്കുകയും അവരുടെ മനോഭാവത്തെ തന്നെ മാറ്റുകയും ചെയ്തു.

''ഒരു ക്രിസ്ത്യാനിയിരിക്കുക എന്നത് ധാർമ്മികമായ ഒരു തിരഞ്ഞെടുപ്പിൻെറയോ മഹത്തായ ഒരാശയത്തിൻെറയോ ഫലമല്ല; പിന്നെയോ ജീവിതത്തിന് നവമായ ഒരു ചക്രവാളവും നിയതമായ ഒരു ദിശാബോധവും നൽകുന്ന ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള, കണ്ടുമുട്ടലിൻെറ ഫലമാണത്'' (ബെനഡിക്ട് 16-ാമൻ) എന്ന് നാം ഒരിക്കലും മറക്കരുത്. ഈ കണ്ടുമുട്ടലിൻെറ - നവീകൃതമായ ഈ കണ്ടുമുട്ടലിൻെറ — ഫലമായി, ധന്യതയേകുന്ന ഒരു സൗഹൃദമായി വികസിക്കുന്ന ദൈവത്തിൻെറ സ്നേഹത്താൽ, നമ്മുടെ സങ്കുചിതത്വത്തിൽനിന്നും സ്വാർത്ഥതയിൽനിന്നും നാം വിമുക്തരാകുന്നു'' (സുവിശേഷത്തിൻെറ ആനന്ദം 7-8).

**വിശുദ്ധ അരേത്താസിൻെറയും കൂട്ടാളികളുടെയും പാതയിൽ തുടരുന്ന ഒരു കൂടിക്കാഴ്ച**

പ്രിയ സഹോദരീസഹോദരൻമാരേ, യേശുവും രണ്ടു ശിഷ്യൻമാരും തമ്മിലുള്ള കണ്ടുമുട്ടൽ രണ്ടായിരം വർഷങ്ങൾക്കുമുമ്പു നടന്നതാണെങ്കിലും അതു ഗലീലിയിൽ അവസാനിച്ചില്ല. അത് നൂറ്റാണ്ടുകളിലൂടെ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും വ്യാപിച്ചു.

യേശുവുമായുള്ള ഈ കണ്ടുമുട്ടൽ നമ്മിലും എത്തി, അവൻ നമ്മെയും വിളിച്ച് അവനെ അനുഗമിക്കാൻ ക്ഷണിച്ചു. യേശു നമ്മോടും പറഞ്ഞു: *വന്നു കാണുക.*

എങ്ങനെയാണ് യേശു നമ്മിൽ എത്തിയത്? തിരുസഭയിലൂടെയും ക്രിസ്തീയ വിശ്വാസികളുടെ സാക്ഷ്യത്തിലൂടെയും ക്രിസ്തീയ സമൂഹത്തിലൂടെയും അപ്പസ്തോലൻമാരുടെ പിൻഗാമികളായ ബിഷപ്പുമാരുടെ മാർഗ്ഗനിർദേശങ്ങളിലൂടെയും പുരോഹിതൻമാരിലൂടെയും ഡീക്കൻമാരിലൂടെയും സമർപ്പിതരിലൂടെയും, കൂടാതെ ഈ കണ്ടുമുട്ടലിൻെറ മനോഹാരിതയ്ക്കു സാക്ഷ്യം വഹിച്ച എല്ലാ ക്രിസ്ത്യാനികളിലൂടെയുമാണു യേശു നമ്മിൽ എത്തിച്ചേർന്നത്. നമ്മുടെ മാതാപിതാക്കളിലൂടെയും സുഹൃത്തുക്കളിലൂടെയും ക്രിസ്തീയ വിശ്വാസം നമ്മിലേക്ക് എത്തിച്ചേർന്നു.

നമ്മുടെ മാതൃരാജ്യങ്ങളിലും അറേബ്യൻ രാജ്യങ്ങളിലും സുവിശേഷം എത്തിച്ചേർന്നു. ദമാസ്കസിലേക്കുള്ള വഴിയിൽ വെച്ച് യേശുവിനെ കണ്ടുമുട്ടിയതിനുശേഷമാണ് താൻ അറേബ്യയിൽ എത്തിയതെന്നു വിശുദ്ധ പൗലോസ് തൻെറ ലേഖനങ്ങളിൽ നമ്മെ ഓർമ്മിപ്പിക്കുന്നു (ഗലാ.1:17).

വികാരിയേറ്റ് ഓഫ് നോർത്തേൺ അറേബ്യയുമായി ചേർന്ന്, ഈ വർഷം നാം വിശുദ്ധ അരേത്താസിൻെറയും കൂട്ടാളികളുടേയും നജ്റാനിൽവച്ചുണ്ടായ രക്തസാക്ഷിത്വത്തിൻെറ 1500-ാം വാർഷികം അനുസ്മരിച്ചുകൊണ്ടുള്ള ജൂബിലി ആഘോഷിക്കുകയാണ്. ആദ്യ നൂറ്റാണ്ടുകളിലെ ഏറ്റവും വലിയ ക്രിസ്തീയ സമൂഹങ്ങളിലൊന്നിൻെറ സങ്കേതമായിരുന്നു ഈ നഗരം. ഇപ്പോൾ സൗദി അറേബ്യയിൽ സ്ഥിതി ചെയ്യുന്ന നജ്റാൻ, പണ്ട് പുരാതന യെമനിലായിരുന്നു. അവരുടെ സാക്ഷ്യങ്ങൾ സ്മരിക്കുമ്പോൾ, നാം ഇപ്പോൾ ജീവിക്കുന്ന ഭുമിയിൽ ക്രിസ്ത്യാനികൾ പുരാതന കാലം മുതൽ അധിവസിച്ചിരുന്നുവെന്ന് നാം മനസ്സിലാക്കുന്നു. കൂടാതെ, നാമേവരും ഈ മനോഹരമായ ചരിത്രത്തിൻെറ ഭാഗമാണ്, അതായത് അറേബ്യൻ ഉപഭൂഖണ്ഡത്തിലെ സഭയുടെ ചരിത്രത്തിൻെറ ഭാഗം.

അതിനാൽ, നവംബർ 8-ന് അബുദാബിയിൽവച്ച് വിശുദ്ധ കുർബാനയോടെ ഈ ജൂബിലി വർഷത്തിൻെറ ആഘോഷം ആരംഭിക്കുന്നതാണ്. ഈ വിശുദ്ധ രക്തസാക്ഷികളുടെ വ്യക്തിത്വങ്ങളേയും ജീവിതമാതൃകകളേയുംക്കുറിച്ചു ആഴത്തിൽ പഠിക്കുവാൻ ഈ ഒരു വർഷത്തിലുടനീളം നമുക്ക് അവസരം ലഭിക്കുന്നതാണ്.

ആദിമ ശിഷ്യൻമാർ മുതൽ ഇപ്പോൾ നമ്മളിൽ വരെ ക്രിസ്തീയ വിശ്വാസം ഒരു കണ്ടുമുട്ടലിലൂടെയാണു വെളിവാക്കപ്പെടുന്നത്. സ്നാപകയോഹന്നാൻ ചെയ്തതുപോലെ നമുക്കും ചെയ്യാൻ സാധിക്കും. നമ്മുടെ ജീവിതത്തെ മാറ്റിമറിച്ച ചില പ്രധാനപ്പെട്ട കണ്ടുമുട്ടലുകളെക്കുറിച്ചു ചിന്തിക്കാം. യേശുവിനെ കണ്ടുമുട്ടാൻ നമ്മെ പ്രേരിപ്പിച്ച ഏതെങ്കിലും കന്യാസ്ത്രീയുടെയോ പുരോഹിതൻെറയോ സുഹൃത്തിൻെറയോ മുഖമൊന്നോർക്കാൻ ശ്രമിക്കാം. ക്രിസ്തീയ വിശ്വാസം നമ്മെ അറിയിച്ച എല്ലാവർക്കും വേണ്ടി നമുക്ക് ദൈവത്തിന് നന്ദി പറയാം. ക്രിസ്ത്യാനിയാകാനും യേശുവിനെ കണ്ടുമുട്ടാനും അറേബ്യൻ നാട്ടിൽ നമ്മുടെ വിശ്വാസത്തിൽ ജീവിക്കുവാനും കഴിയുന്നത് വലിയ സന്തോഷം തന്നെയാണ്.

എന്നാൽ യേശുവുമായുള്ള ഈ കണ്ടുമുട്ടൽ നമ്മോടു എന്താണ് വെളിപ്പെടുത്തുന്നത്? ദൈവീക ജീവിതത്തിൻെറ പൂർണതയാണു യേശു നമുക്കു നൽകുന്നത്. ഈ കാരണത്താൽ, യേശുവിൻെറ വിളി സ്വീകരിക്കുന്നവർ അവരുടെ ജീവിതത്തിൽ പരമമായ രൂപാന്തരീകരണം അനുഭവിക്കുന്നു.

യേശുവാണു പരിപൂർണ്ണനായ മനുഷ്യൻ, യേശുവിനെ പിൻതുടരുന്നതു നമ്മെ നല്ല മനുഷ്യരാക്കുന്നു (ആനന്ദവും പ്രതീക്ഷയും, 41). യേശുവിനെ കണ്ടെത്തുന്നവൻ തീർച്ചയായും തന്നെ തന്നെ കണ്ടെത്തുന്നു. കാരണം യേശു തൻെറ പിതാവിനെയും അവിടുത്തോടുള്ള സ്നേഹത്തെയും നമുക്ക് വെളിപ്പെടുത്തുകയും നാം ആരാണെന്ന് കണ്ടെത്തുവാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു (ആനന്ദവും പ്രതീക്ഷയും, 22): നാം ദൈവത്തിൻെറ മക്കളും യേശുക്രിസ്തുവിൽ സഹോദരീ സഹോദരൻമാരുമാണ്.

**2.തിരുസഭ: മാമ്മോദീസാ സ്വീകരിച്ചവരുടെ ഒരു സമൂഹം**

***ഒരേ മാമ്മോദീസാ***

നാം ദൈവീക ജീവിതത്തിൽ എങ്ങനെയാണു ശാശ്വത പങ്കാളികളാകുന്നത്? ദൈവീക ജീവൻ മാമ്മോദീസായിലൂടെ നമ്മിൽ പ്രവേശിക്കുകയും അത് ദൈവവചനം ശ്രവിച്ചു പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. കൂദാശകളിലൂടെ അതു വളരുന്നു. പ്രത്യേകിച്ച്, വിശുദ്ധ കുർബാനയുടെയും അനുരഞ്ജനത്തിൻെറയും കൂദാശകളിലൂടെ. ക്രിസ്തീയ സാമൂഹിക ജീവിതത്തിൻെറ എല്ലാ മേഖലകളിലും നാം ഏറ്റവും തീക്ഷ്ണമായ രീതിയിൽ ജീവിക്കുമ്പോഴാണ് നമ്മുടെ വിശ്വാസം വളരുന്നത്.

ദൈവജനമായ നാമെല്ലാവരും അറേബ്യയിൽ വസിക്കുന്ന, മാമ്മോദീസാ സ്വീകരിച്ച ഒരു ജനതയാകുന്നു. സഭയാവുക എന്നതിൻെറ അർത്ഥം ഒരുമിച്ച് നടക്കാൻ വിളിക്കപ്പെടുക എന്നാണ്. ഈ കഴിഞ്ഞ വർഷം, യുണൈറ്റഡ് അറബ് എമിറേറ്റ്സിലെയും ഒമാനിലെയും നമ്മുടെ എല്ലാ ഇടവകകളും ഞാൻ സന്ദർശിച്ചു. സംഘർഷം നിലനിൽക്കുന്നതിനാൽ യെമനിലേക്കു പോകുവാൻ ഇതുവരെ സാധിച്ചിട്ടില്ല. എന്നിരുന്നാലും, അവിടുത്തെ വിശ്വാസികളെ പരിപാലിക്കുന്ന മിഷനറീസ് ഓഫ് ചാരിറ്റിയിലെ കന്യാസ്ത്രീകളുമായും അവിടുത്തെ വൈദീകരുമായും ഞാൻ നിരന്തരം സമ്പർക്കം പുലർത്തുന്നുണ്ട്.

നിങ്ങളെ കാണാൻ സാധിച്ചതിനും നമ്മുടെ ഇടവകളിൽ നിലനിൽക്കുന്ന വിവിധ സാംസ്കാരിക ആത്മീയ പാരമ്പര്യങ്ങളുടെ സമൃദ്ധിയെ ആസ്വദിക്കാൻ കഴിഞ്ഞതിനും ഞാൻ ദൈവത്തിനു നന്ദി പറയുന്നു. വ്യത്യസ്തമായ ഭാഷകളും ആചാരാനുഷ്ഠാനങ്ങളുമുള്ള പല രാജ്യങ്ങളിൽ നിന്നുമെത്തുന്ന പ്രവാസികളുടെ ഒരു സഭയാണു നാം. എന്നാൽ നമ്മുടെ സഭ ഉത്ഭവിക്കുന്നതു യേശുവും അവൻെറ ആദ്യ ശിഷ്യൻമാരും തമ്മിലുള്ള ആദ്യ കണ്ടുമുട്ടലിൽ നിന്നാണെന്നു നാം വിസ്മരിക്കരുത്. ജീവിതത്തെ മാറ്റി മറിക്കാൻ പോലും കഴിവുള്ള ഈ കണ്ടുമുട്ടൽ നമ്മുടെ രാജ്യങ്ങളിൽ വളരുകയും, നിരവധി പ്രാദേശിക സഭകൾ ഉത്ഭവിക്കുന്നതിനു കാരണമാവുകയും ചെയ്തു.

നമ്മുടെ ഭാഷകൾ വ്യത്യസ്തമാണ്, എന്നിരുന്നാലും നമുക്ക് ഒരേ കത്തോലിക്കാ വിശ്വാസമാണ്. നമുക്ക് വ്യതസ്ത ആത്മീയ പാരമ്പര്യങ്ങളുണ്ട്, പക്ഷേ നമ്മൾ ഒരു ശരീരമാകുന്നു. ദൈവത്തിൻെറ പൂർണ്ണസ്നേഹത്തിനു സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ട ക്രിസ്തുവിൻെറ ഏക ശരീരത്തിലെ അംഗങ്ങളാണ് നമ്മൾ. വിവിധ കൂട്ടായ്മകളെയും വ്യത്യസ്ത ഭാഷാ സമൂഹങ്ങളെയും കണ്ടുമുട്ടുമ്പോൾ, ഞാൻ പലപ്പോഴും എന്നോടു തന്നെ ചോദിച്ചിട്ടുണ്ട്. ഏത് ഘടകത്തിനാണ് ഇത്രയധികം ജനങ്ങളെ ഒരുമിച്ചു നിർത്താൻ

സാധിക്കുന്നത്? യേശുവുമായുള്ള കണ്ടുമുട്ടലാണു നമ്മെ ഒന്നിപ്പിക്കുന്നത്. മാമ്മോദീസ നമ്മെ ഒന്നിപ്പിക്കുന്നു. നാമെല്ലാവരും മാമ്മോദീസാ സ്വീകരിച്ചവരാണ്. നാം അനേകം അംഗങ്ങൾ ആണെങ്കിലും, നമ്മൾ ഒരു ശരീരമാകുന്നു.

*"കർത്താവിനുവേണ്ടി തടവുകാരനായിത്തീർന്നിരിക്കുന്ന ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾക്ക് ലഭിച്ച വിളിക്കു യോഗ്യമായ ജീവിതം നയിക്കുവിൻ. പൂർണ്ണമായ വിനയത്തോടും ശാന്തതയോടും ദീർഘക്ഷമയോടും കൂടെ നിങ്ങൾ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവിൻ, സമാധാനത്തിൻെറ ബന്ധത്തിൽ ആത്മാവിൻെറ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ. ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു. സകലതിലുമുപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം" (എഫേ 4:1-6).*

യേശുവിനെ അനുഗമിക്കാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. നമുക്കെല്ലാവർക്കും ദൈവത്തിൻെറ പുത്രീപുത്രൻമാരാകുവാനുള്ള ദൈവവിളിയുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ ശക്തമായി ഉറപ്പിച്ചതുപോലെ, ഒരു മാമ്മോദീസയിലൂടെ നമുക്കെല്ലാവർക്കും വിശുദ്ധിയിലേക്ക്, അതായത് ദൈവീകസ്നേഹത്തിൻെറ പൂർണ്ണതയിലേക്കുള്ള ദൈവവിളി ലഭിച്ചു (ജനതകളുടെ പ്രകാശം, 5).

എന്നാൽ വിശുദ്ധിയിലേക്ക് വിളിക്കപ്പെടുന്നതിൻെറ അർത്ഥമെന്താണ്? "നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധരായിരിക്കുകയും ചെയ്യുവിൻ. കാരണം ഞാൻ പരിശുദ്ധനാകുന്നു" (ലേവ്യ 11:44) എന്നു കർത്താവു അരുളിച്ചെയ്യുന്നു. നാമെല്ലാവരും ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്, ദൈവസ്നേഹത്തെ സ്വാഗതം ചെയ്യുകയും അതിലൂടെ നമ്മെത്തന്നെ രൂപാന്തരപ്പെടുത്തുകയും ചെയ്താൽ മാത്രമേ നാം ജീവിതം എന്താണെന്ന് തിരിച്ചറിയുകയുള്ളൂ.

സഹോദരങ്ങളെ, നമ്മുടെ ജ്ഞാനസ്നാനം നാം ഒരിക്കലും മറക്കരുത്. നിങ്ങളുടെ ജന്മദിനവും നിങ്ങളുടെ മാമ്മോദീസാ ദിനവും ഓർത്തിരിക്കണമെന്നു ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. ആ ദിനങ്ങൾ ആഘോഷിക്കൂ, അതിലൂടെ നമുക്കെല്ലാവർക്കും വിശുദ്ധിയിലേക്കുള്ള ദൈവവിളി ലഭിച്ചുവെന്ന് നമുക്കു ഓർക്കാം.

ദൈവമക്കളായിരിക്കാനുള്ള നമ്മുടെ അടിസ്ഥാനപരമായ ദൈവവിളി നാം മറന്നാൽ, ഭിന്നിപ്പുകളും പക്ഷപാതപരമായ താത്പ്പര്യങ്ങളും നമുക്കിടയിൽ നിലനിൽക്കും. വിശ്വാസത്തിലും സ്നേഹത്തിലും ഒത്തൊരുമയോടെ ജീവിച്ചാൽ നമ്മുടെ വ്യത്യസ്തതകൾ എല്ലാവർക്കും ഒരു മുതൽക്കൂട്ടാകും.

***ഭാഷാ സമൂഹങ്ങളും ഐക്യസഭയും***

ആയതിനാൽ, എല്ലാ വിശ്വാസികളുമായുള്ള തിരുസഭയുടെ അടുപ്പത്തിൻെറ പ്രഥമവും പ്രധാനവുമായ, ആവിഷ്കാരങ്ങളാകാൻ ഞാൻ എല്ലാ ഭാഷാ സമൂഹങ്ങളോടും ആവശ്യപ്പെടുകയാണ്. കാരണം സഭയിൽ ഉൾച്ചേർക്കപ്പെടുവാൻ വിശ്വാസികളെ നാമെല്ലാവരും സഹായിക്കേണ്ടതുണ്ട്. അതുപോലെ, ഇടവകകളുടെ ഐക്യവും സഭയുടെ ഐക്യവും എല്ലാ വിശ്വാസികൾക്കും ഏറ്റവും ഉചിതമായ രീതിയിൽ പരിചയപ്പെടുത്തേണ്ടവർ ആകണമെന്നു ഞാൻ എല്ലാ സമൂഹങ്ങളോടും അഭ്യർത്ഥിക്കുകയാണ്.

നമുക്ക് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ഒന്നുതന്നെയാണ്, അതായത്, ഒരേ ക്രിസ്തീയ വിശ്വാസവും ഒരേ മാമ്മോദീസായും. നമുക്ക് എപ്പോഴും ആത്മാർത്ഥമായ സ്നേഹത്തോടെ പരസ്പരം സ്വാഗതം ചെയ്യാം. നാമെല്ലാവരും മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ട ഒരേ ദാനത്തിൻെറ സംവാഹകരാണു.

നമ്മുടെ വിശ്വാസപ്രമാണത്തിൽ, ''ഏകവും'', ''വിശുദ്ധവും'' ആയ സഭയിൽ ഞാൻ വിശ്വസിക്കുന്നു എന്ന് നാം ഏറ്റുപറയുന്നുണ്ടു. ആയതിനാൽ, നാം വിശുദ്ധരായിരിക്കേണ്ടതിന് ഒരേ ശരീരമാകുന്നു. വിശുദ്ധിയിൽ വളരണമെങ്കിൽ നാം ക്രിസ്തുവിൽ ഐക്യപ്പെടേണ്ടതുണ്ട്.

പ്രിയപ്പെട്ട ദൈവജനമേ, നാമെല്ലാവരും ജ്ഞാനസ്നാനപ്പെട്ടവരാണെന്ന കാര്യം മറക്കരുത്. നാം പുരോഹിതരും പ്രവാചകരും ഒരു രാജകീയ ജനവുമാകുന്നു. നമ്മുടെ വിശുദ്ധിയിലേക്കുള്ള ദൈവവിളിയിൽ നമ്മുടെ ജീവിതത്തിൻെറ എല്ലാ സാഹചര്യങ്ങളിലും, അതായതു, ദൈനംദിന ജീവിതത്തിലും, ജോലിസ്ഥലങ്ങളിലും, കുടുംബത്തിലും, സുഹൃത്തുക്കളോടൊപ്പവും, വിദ്യാലയങ്ങളിലും, വിശുദ്ധിയിൽ ജീവിക്കാൻ നാം വിളിക്കപ്പെട്ടവരാണ്. വിശുദ്ധ ജീവിതത്തിലേക്കും സുവിശേഷത്തിൻെറ സന്തോഷത്തിന് സാക്ഷ്യം വഹിക്കാനുമാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്. യേശു തൻെറ മനുഷ്യാവതാരത്തിൽ സ്നേഹത്തിലൂടെ ഈ ലോകത്തിൽ കൊണ്ടു വന്ന പുതിയ മാനവികത എല്ലാവരുമായി പങ്കുവെയ്ക്കാനും അങ്ങനെ എല്ലാവരുടെയും നല്ല ജീവിതത്തിൽ സഹകരിക്കാനും, കൂടുതൽ സാഹോദര്യത്തോടെ ഒരു നല്ല മനുഷ്യസമൂഹം കെട്ടിപ്പെടുക്കാനുമാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്.

***ബിഷപ്പുമാരുടെ അടുത്ത സിനഡിലേക്ക് ഒരു വീക്ഷണം***

അവസാനമായി, '' ഒരു സിനഡൽ സഭയ്ക്ക്: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം'' എന്ന വിഷയത്തിൽ ഒക്ടോബർ 4 മുതൽ 29 വരെ റോമിൽ നടക്കുന്ന അടുത്ത സിനഡൽ അസംബ്ലി ശ്രദ്ധാപൂർവ്വം പിൻതുടരാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. എൻെറ പ്രിയപ്പെട്ട മുൻഗാമി, ബിഷപ്പ് പോൾ ഹിൻഡർ, അദ്ദേഹത്തിൻെറ സഹകാരികളോടൊപ്പം, വളരെ മികച്ചതും സാർവത്രികമായി അംഗീകരിക്കപ്പെട്ടതുമായ പ്രവർത്തനങ്ങൾ നമ്മുടെ പ്രാദേശിക സഭാതലത്തിൽ ചെയ്തിട്ടുണ്ട്. വൻകരകളിലെ സമ്മേളനങ്ങൾക്കുശേഷം, ബിഷപ്പുമാരുടെ സിനഡിൻെറ ആദ്യത്തെ യോഗം ഇപ്പോൾ നടക്കാൻ പോവുകയാണു. അറേബ്യയിൽ വസിക്കുന്ന ദൈവജനമെന്ന നിലയിൽ, നാമോരുത്തരുടെയും ദൈവവിളി അനുസരിച്ചു കൂടുതലായി ഒരുമിച്ചു നടക്കാനും സഭയുടെ ജീവിതത്തിന് സഹ-ഉത്തരവാദിത്വമുള്ളവരായിരിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് അറിയാവുന്നതുപോലെ, അറബ് മേഖലയിലെ ലത്തീൻ ബിഷപ്പുമാരുടെ പ്രതിനിധിയായി, നമ്മുടെ ജനങ്ങളുടെ ഒരു പ്രതിനിധിയോടൊപ്പം ഞാൻ സിനഡിൽ പങ്കെടുക്കുന്നതാണ്. ഈ ദിവസങ്ങളിൽ നിങ്ങളുമായി സ്ഥിരമായി ബന്ധപ്പെടാനും സിനഡിൻെറ അനുഭവം നിങ്ങളുമായി പങ്കിടാനും ഞാൻ ആഗ്രഹിക്കുന്നു. ഈ മഹത്തായ സഭാസംഭവത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു.

**3. ജീവിതം ഒരു ദൈവവിളി**

പ്രിയസഹോദരങ്ങളെ, മാമ്മോദീസ നമുക്കു പൂർണ്ണമായും ദൈവത്തിൻെറ പുത്രൻമാരും പുത്രിമാരും ആകുവാനുള്ള ദൈവവിളി നൽകി. എന്നാൽ ''ദൈവവിളി'' എന്ന വാക്ക് കൂടുതൽ ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. വാസ്തവത്തിൽ, ഇത് അൽപ്പം പഴഞ്ചനായി എന്ന് തോന്നുന്ന ഒരു വാക്കാണ്.

ആദ്യശിഷ്യൻമാരുമായുള്ള യേശുവിൻെറ കണ്ടുമുട്ടലിലേക്ക് നമുക്ക് മടങ്ങാം. അവൻ അവരെ വിളിക്കുകയും തൻെറ ദൗത്യത്തിൽ പൂർണ്ണമായി പങ്കെടുക്കാൻ തന്നെ അനുഗമിക്കാൻ ക്ഷണിക്കുകയും ചെയ്യുന്നു. യോഹാന്നാനും, അന്ത്രയോസിനും, പത്രോസിനും, പീലിപ്പോസിനും, മത്തായിക്കും, മറ്റെല്ലാ ശിഷ്യൻമാർക്കും, ഈ വിളി ഒരു പത്യേക അനുഭവവുമായി ബന്ധപ്പെട്ട ഒരു വസ്തുനിഷ്ഠമായ കാര്യമായിരുന്നു. അതായതു യേശുവുമായുള്ള കണ്ടുമുട്ടൽ.

ദൈവവിളി എന്ന വാക്കിന് ''വിളിക്കുക'' എന്ന വാക്കിൽ അടിവേരുകളുണ്ട്. യേശു നമ്മെ വിളിക്കുന്നതു നാം ക്രിസ്ത്യാനികളും ശിഷ്യൻമാരും സാക്ഷികളുമാകാനാണ്.

കൃത്യമായി പറഞ്ഞാൽ, സുവിശേഷം നമ്മോടു വെളിപ്പെടുത്തുന്ന കണ്ടുമുട്ടലുകൾ നമ്മുടെ ജീവിതം മുഴുവനും ഒരു ദൈവവിളിയാണെന്നും, അതു ദൈവസ്നേഹത്തോടുള്ള പ്രതികരണമാണെന്നുള്ള പരിചിന്തനത്തിനു നമ്മെ പ്രേരിപ്പിക്കുന്നു.

***ജീവിതത്തിലേക്കുള്ള ദൈവവിളി***

നാം ഓരോരുത്തരും ജീവനിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയെക്കുറിച്ചു നമുക്കു ആദ്യം ചിന്തിക്കാം. ആർക്കും സ്വയം ജീവൻ നൽകാൻ കഴിയില്ല. നാം എപ്പോഴും ജനിക്കുന്നത് നമുക്കു മുൻപുള്ളവരിൽ നിന്നും, നമ്മെ ആഗ്രഹിക്കുകയും, സ്വാഗതം ചെയ്യുകയും ചെയ്തവരിൽ നിന്നുമാണ്: അവരാണ് നമ്മുടെ മാതാപിതാക്കളും നമ്മെ വളരാൻ സഹായിച്ചവരുമെല്ലാം. ദൈവം നമ്മെ നിത്യതയിൽ നിന്നു ഗർഭം ധരിച്ചതുകൊണ്ടാണ് നാം ജനിച്ചത്, അല്ലാതെ നാം യാദൃശ്ചികമായി ജനിച്ചവരല്ല.

ബെനഡിക്ട് 16-ാമൻ മാർപാപ്പ വളരെ വ്യക്തമായി പറഞ്ഞിരുന്നു: ''ജീവിക്കുന്ന ദൈവത്തെ ക്രിസ്തുവിൽ കണ്ടുമുട്ടുമ്പോൾ മാത്രമേ ജീവിതം എന്താണെന്ന് നാം അറിയൂ. നാം പരിണാമത്തിൻെറ ചില യാദൃശ്ചികവും അർത്ഥശൂന്യവുമായ ഉൽപ്പന്നമല്ല. നാം ഓരോരുത്തരും ദൈവത്തിൻെറ ചിന്തയുടെ ഫലമാണ്. നാം ഓരോരുത്തരും വേണ്ടവർ തന്നെയാണ്. നാം ഓരോരുത്തരും സ്നേഹിക്കപ്പെടുന്നു. നാം ഓരോരുത്തരും അനിവാര്യമായവരാണ്'' (റോം 24, ഏപ്രിൽ 2005).

ഫ്രാൻസീസ് മാർപാപ്പ പോലും, ഈ വർഷത്തെ ലോകയുവജന ദിനത്തിൽ സന്നിഹിതരായ അനേകം യുവജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, ദൈവം നമ്മെ വിളിക്കുന്നത് അവിടുന്ന് നമ്മെ സ്നേഹിക്കുന്നതു കൊണ്ടാണെന്ന് നമ്മെ ഓർമ്മിപ്പിച്ചു:

*''നിങ്ങൾ ആകസ്മികമായിട്ടല്ല ഇവിടെ വന്നിരിക്കുന്നത്, ഈ ദിവസങ്ങളിൽ മാത്രമല്ല, നിങ്ങളുടെ നാളുകളുടെ ആരംഭം മുതൽ കർത്താവ് നിങ്ങളെ വിളിച്ചിരിക്കുന്നു. അവൻ നിങ്ങളെ പേര് ചൊല്ലി വിളിച്ചു. നമ്മെ പേര് ചൊല്ലി വിളിച്ച ദൈവത്തിൻെറ വചനം നമുക്ക് ശ്രവിക്കാം......നിങ്ങൾ പേരു ചൊല്ലി വിളിക്കപ്പെട്ടിരിക്കുന്നു. നാമോരുത്തരെയും പേരു ചൊല്ലിയാണ് വിളിക്കുന്നത്......അവൻെറ വാക്കുകൾ നമ്മുടെ ഹൃദയങ്ങളിൽ ആലേഖനം ചെയ്തിട്ടുണ്ടെന്നും നമ്മൾ ആരാണെന്നും നിങ്ങൾ ആരാണെന്നും മറ്റുള്ളവരോടു പറയുന്ന ഒരു തരം ശീർഷകമായി അവ നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ടെന്നും നാം മനസ്സിലാക്കുന്നു......നമ്മളാരും ആകസ്മികമായി ക്രിസ്ത്യാനികളായതല്ല; ....നമുക്കുണ്ടായിരിക്കാവുന്ന ഏതെങ്കിലും കഴിവുകൾക്ക് മുമ്പ്, നമ്മുടെ ഹൃദയത്തിൽ നാം വഹിക്കുന്ന നിഴലുകൾക്കും മുറിവുകൾക്കുമുമ്പ്, നമ്മുടെ ജീവിത കഥയുടെ തുടക്കത്തിൽതന്നെ, നാം വിളിക്കപ്പെട്ടവരാണ്. എന്തുകൊണ്ട്? കാരണം നാം സ്നേഹിക്കപ്പെട്ടവരാണ്. ഇതൊരു മനോഹരമായ വസ്തുതയാണ്. ദൈവത്തിൻെറ*

*ദൃഷ്ടിയിൽ, നാം വിലയേറിയ മക്കളാണ്, നമ്മെ ആശ്ലേഷിക്കാനും പ്രോത്സാഹിപ്പിക്കാനും നമ്മെ അതുല്യവും യഥാർത്ഥവുമായ ഒരു അത്യുത്ക്കൃഷ്ട സൃഷ്ടി ആക്കുന്നതിനുമായി അവൻ ഒരോ ദിവസവും നമ്മെ വിളിക്കുന്നു. നാം ഓരോരുത്തരും ഓരോ "ഒറിജിനൽ" ആണ്. നമ്മുടെ ഈ പ്രത്യേക സൗന്ദര്യത്തിൻെറ ഒരു ഏകദേശ രൂപം കാണാൻ മാത്രമേ നമുക്കു സാധിക്കൂ" (ലിസ്ബൺ, 3 ഓഗസ്റ്റ് 2023).*

***എല്ലാ ജീവജാലങ്ങളുമായിട്ടുള്ള ബന്ധത്തിലൂടെ: അങ്ങേയ്ക്കു സ്തുതി***

കൂടാതെ, ജീവിതത്തിൻെറ മറ്റൊരു പ്രധാനപ്പെട്ട വശം ഒരു ദൈവവിളിയായി പരിഗണിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. യാഥാർത്ഥ്യവുമായുള്ള നമ്മുടെ ബന്ധത്തിലൂടെ ദൈവം നമ്മെ വിളിക്കുന്നു. വസ്തുക്കളുടെയും ജീവിതത്തിൻെറയും സൗന്ദര്യത്തിലൂടെ ദൈവം നമ്മെ വിളിക്കുകയും തന്നിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. തിന്മ കാണുമ്പോൾ നാം പിന്തിരിയുന്നു. അതേ സമയം നന്മയിലേക്ക് ആകർഷിക്കപ്പെടുന്നു. ഒരു മോശം കാര്യം നമ്മെ ആകർഷിക്കുന്നില്ല, മറിച്ചു ഒരു തെളിഞ്ഞ മുഖം കാണുമ്പോഴും, ഒരു സുഹൃത്തിനെ കാണുമ്പോഴും, പ്രിയപ്പെട്ട ഒരാളുടെ പുഞ്ചിരി കാണുമ്പോഴും, സൂര്യൻ അതിൻെറ മനോഹരമായ പ്രഭാവത്തോടെ ഉദിക്കുന്നതും അസ്തമിക്കുന്നതും കാണുമ്പോഴും, ചന്ദ്രനെയും നക്ഷത്രങ്ങളെയും ആകാശത്തു കാണുമ്പോഴും, രൂപഭംഗിയും നിറങ്ങളുവുമുള്ള മരുഭൂമിയുടെ മനോഹാരിത കാണുമ്പോഴും, നമ്മുടെ ഹൃദയം അതിലേക്കു ആകർഷിക്കപ്പെടുന്നതായി നമുക്കു തോന്നുന്നു. ദൈവം നമ്മെ സൗന്ദര്യത്തിലേക്കും നന്മയിലേക്കും സ്നേഹത്തിലേക്കും വിളിക്കുന്നുവെന്നു നാം കണ്ടെത്തുന്നു.

എത്രയെത്ര കാര്യങ്ങളാണ് നമ്മെ ആകർഷിക്കുന്നതും, അതിലൂടെ നാം സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നു കണ്ടെത്തുവാനും നമ്മെ പ്രേരിപ്പിക്കുന്നത്? ജീവിതം ഒരു ദൈവവിളിയാണ്, കാരണം യാഥാർത്ഥ്യം ഒരു വെല്ലുവിളിയാണ്. നാം കണ്ടുമുട്ടുന്ന കാര്യങ്ങളും വ്യക്തികളും നമ്മെ നമ്മിൽ നിന്നു പുറത്തുകൊണ്ടു വരുകയും നമ്മുടെ ഉള്ളിൽ സന്തോഷത്തിനുള്ള ആഗ്രഹം വളർത്തുകയും ചെയ്യുന്നു. സന്തുഷ്ടരായിരിക്കാനാണ് ദൈവം നമുക്കു ജീവിതം നൽകിയത്.

ജീവിതത്തിൽ നാം കണ്ടുമുട്ടുന്നതെല്ലാം നമ്മെ തീർച്ചയായും ആകർഷിക്കുന്നു, പക്ഷേ അതു പരിമിതമായി മാറുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങളിലും നാം ആ പരിമിതി കാണുന്നു. എങ്കിലും നമ്മുടെ ഹൃദയത്തിൽ ഉള്ള ആഗ്രഹം അനന്തമാണ്. വിശുദ്ധ അഗസ്റ്റിൻ തൻെറ *കുമ്പസാരം* എന്ന പുസ്തകത്തിൽ ദൈവത്തെ അഭിസംബോധന ചെയ്യുന്നത്. "നീ ഞങ്ങളെ സൃഷ്ടിക്കുകയും നിന്നിലേക്ക് ആകർഷിക്കുകയും ചെയ്തു. ഞങ്ങളുടെ ഹൃദയം നിന്നിൽ വസിക്കുന്നതു വരെ അശാന്തമാണ്" (കുമ്പസാരം 1,1). ഈ കാരണത്താൽ, വസ്തുക്കളിലും വ്യക്തികളിലുമുള്ള പരിമിതികളെക്കുറിച്ചുള്ള നമ്മുടെ അനുഭവം, സന്തോഷത്തിൻെറ പൂർണ്ണതയ്ക്കായി ദൈവത്തെ കണ്ടുമുട്ടുന്നതിനുവേണ്ടിയാണു നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് കണ്ടെത്താൻ നമ്മെ പ്രേരിപ്പിക്കുന്നു. അനന്തമായ, നിത്യജീവനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

എല്ലാ വസ്തുക്കളും, മനുഷ്യരും ദൈവത്തിൽ നിന്നുള്ള ഒരു അടയാളമാണ്. എല്ലാ ദിവസവും സംഭവിക്കുന്ന കാര്യങ്ങളിലൂടെ അവിടുത്തെ അന്വേഷിക്കാനും അനുഗമിക്കാനുമായി യേശു നമ്മെ വിളിക്കുന്നു. എല്ലാറ്റിൻെറയും ആത്യന്തിക അർത്ഥം യേശുവാണ്, കാരണം സകലതും അവനെക്കുറിച്ചു സംസാരിക്കുന്നു. സകലതും അവനിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (എഫേ 1, കൊളോ 1).

എല്ലാ വസ്തുക്കളും ദൈവത്തിൻെറ സൃഷ്ടിയാണെന്നും അത് അത്യുന്നതൻെറ അടയാളമാണെന്നും ഓർമ്മിക്കാൻ അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസീസ് തൻെറ പ്രസിദ്ധമായ സൂര്യകീർത്തനത്തിൽ എഴുതി: *എൻെറ ദൈവമേ, അങ്ങയുടെ എല്ലാ സൃഷ്ടികളോടും കൂടി ഞാൻ അങ്ങയെ സ്തുതിക്കുന്നു.* അതിനാൽ, ഫ്രാൻസീസ് മാർപാപ്പ നമ്മെ ആവർത്തിച്ചു പഠിപ്പിക്കുന്നതുപോലെ, സൃഷ്ടിയേയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ നാം ഇച്ഛിക്കുന്നു, കാരണം എല്ലാ കാര്യങ്ങളും ദൈവത്തിൻെറ അടയാളങ്ങളാണ്. അവ നമ്മെ ദൈവത്തിലേക്കു നയിക്കുന്നു. സൃഷ്ടികളെ പരിപാലിക്കുക എന്നതു നമ്മുടെ ദൈവവിളിയുടെ ഭാഗമാണ്, എന്തുകൊണ്ടെന്നാൽ സൃഷ്ടികൾ സ്നേഹിക്കാൻ നമ്മെ ക്ഷണിക്കുന്ന ദൈവത്തിൻെറ ദാനമാണ്.

ആത്യന്തികമായി, ജീവിതം സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ഒരു ദൈവവിളിയാണ്. സ്നേഹിക്കാനാണു നാം ഇവിടെ ഭൂമിയിലായിരിക്കുന്നത്. നമ്മുടെ ഓരോരുത്തരുടെയും ജീവിതം സ്നേഹത്തിൽ മാത്രമാണു പൂർത്തീകരിക്കപ്പെടുന്നത്. ദൈവം സ്നേഹമാണ്, വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളി സ്നേഹിക്കാനുള്ള ഒരു ദൈവവിളിയല്ലാതെ മറ്റൊന്നുമല്ല. ദൈനംദിന പ്രതിബദ്ധതയിലൂടെയും, തിരുസഭയിലെ ജനങ്ങൾക്കിടയിൽ നാം നടത്തുന്ന വിവിധ സേവനങ്ങളിലൂടെയും ശുശ്രൂഷകളിലൂടെയും നമുക്കു സ്നേഹിക്കാൻ കഴിയും. കുടുംബത്തിലും, ജോലിസ്ഥലത്തും നമുക്ക് സ്വയം മറ്റുള്ളവർക്കു സ്നേഹം നൽകാൻ കഴിയാത്ത ഒരു സാഹചര്യവുമില്ല. എന്നാൽ ''ദൈവവിളി'' എന്ന വാക്കു സൂചിപ്പിക്കുന്നത്, ഒരു അടിസ്ഥാനപരമായ തീരുമാനത്തിലൂടെ ദൈവത്തോടു പ്രതികരിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നുവെന്നും അതു സ്ഥിരതയോടെ ഒരു പ്രത്യേക ജീവിതരീതി സ്വീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നുവെന്നാണ്.

### *വിവാഹവും കുടുംബവും*

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹത്തെ അടിസ്ഥാനമാക്കിയുള്ള കുടുംബമാണു ക്രിസ്തീയ ജീവിതത്തിൻെറ അടിസ്ഥാന രൂപം. വിവാഹം ഒരു കൂദാശയാണ്; ഇത് ഒരു ദൈവവിളിയാണ്, കാരണം ദമ്പതികൾക്കു മനുഷ്യാവസ്ഥയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും, എല്ലാ ദൈവജനങ്ങളോടും ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹം പ്രകടിപ്പിക്കാനുള്ള ചുമതല ഉണ്ട് (സ്നേഹത്തിൻെറ ആനന്ദം, 72).

തങ്ങളുടെ സ്നേഹം ദൈവത്തിന് സമർപ്പിക്കപ്പെട്ടതാണെന്ന് ഭാര്യാഭർത്താക്കൻമാർ ഒരിക്കലും മറക്കരുത്. തങ്ങളുടെ മക്കളോടും സമൂഹത്തോടുമുള്ള ദൈവസ്നേഹത്തിൻെറ അടയാളമായിട്ടാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിൽ നിന്നുള്ള സമ്മാനങ്ങളായി മക്കളെ സ്വാഗതം ചെയ്യുകയും, ക്രിസ്തീയ വിശ്വാസം അവർക്കു കൈമാറുകയും, അവരുടെ ദൈവവിളി കണ്ടെത്താൻ അവരെ സഹായിക്കുകയും ചെയ്യുക മാതാപിതാക്കളുടെയും കുടുംബത്തിൻെറയും ചുമതലയാണ്.

### *സമർപ്പിത ജീവിതം*

തിരുസഭയിൽ, ഒരു വ്യക്തിയുടെ ദൈവവിളി സാക്ഷാത്കരിക്കുന്നതിന് ക്രിസ്തീയ ജീവിതത്തിൻെറ മറ്റു അവശ്യരൂപങ്ങളുണ്ട്. സമർപ്പിത ജീവിതത്തെക്കുറിച്ചാണ് ഞാൻ ആദ്യം ചിന്തിക്കുന്നത്. ശുദ്ധതയിലും ദാരിദ്ര്യത്തിലും അനുസരണത്തിലും ജീവിച്ചുകൊണ്ട്, അതായത്, യേശുവിൻെറ ജീവിതരീതി അനുകരിക്കാൻ ശ്രമിച്ചുകൊണ്ട്, തന്നെ അനുഗമിക്കാൻ യേശു അനേകം സ്ത്രീ പുരുഷൻമാരെ വിളിക്കുന്നു. അവൻ നിർമ്മലനും ദരിദ്രനും അനുസരണയുള്ളവനുമായാണ് ഭൂമിയിൽ ജീവിച്ചത്.

ദൈവത്തെ അന്വേഷിക്കാനും അവൻെറ പദ്ധതികൾ പിൻതുടരാനുമുള്ള 'സ്വാതന്ത്ര്യം' ആണ് ക്രിസ്തീയ അനുസരണം; ഹൃദയത്തെ അസ്വസ്ഥതപ്പെടുത്തുന്ന ആകുലതകളാൽ ജീവിതത്തെ ഭാരപ്പെടുത്താതെ യേശുവിൽ പ്രത്യാശ അർപ്പിക്കാനുള്ള സ്വാതന്ത്ര്യമാണ് സുവിശേഷപരമായ ദാരിദ്ര്യം; സ്വന്തം നേട്ടം അന്വേഷിക്കാതെ മറ്റുള്ളവരെ നിസ്വാർത്ഥമായി സേവിക്കാനുള്ള സ്വാതന്ത്ര്യമാണ് ശുദ്ധത. ഇങ്ങനെയാണു യേശു ജീവിച്ചത്.

എല്ലാ ക്രിസ്തീയ വിശ്വാസികളും ഈ സ്നേഹത്തിനുവേണ്ടി പരിശ്രമിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ സുവിശേഷപരമായ ഉപദേശങ്ങൾ അവരുടെ ജീവിതത്തിൻെറ രൂപമാക്കി ജീവിക്കാൻ യേശു ചിലരെ വിളിക്കുന്നു: അവർ സമർപ്പിതരായ വ്യക്തികളാണ്. നമ്മുടെ അപ്പസ്തോലിക വികാരിയേറ്റിൽ എത്രയോ സമർപ്പിതരായ വ്യക്തികൾ ഇന്നും അവരുടെ സാക്ഷ്യജീവിതം നയിക്കുന്നു. പലരും നമ്മുടെ വിദ്യാലയങ്ങളിലും ഇടവകളിലെ അജപാലന പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. യെമനിൽ തങ്ങളുടെ ജീവൻ ബലിയർപ്പിച്ചുകൊണ്ട് ക്രിസ്തുവിൻെറ സ്നേഹത്തിന് സാക്ഷ്യം വഹിച്ച മിഷനറീസ് ഓഫ് ചാരിയിറ്റിയിലെ സഹോദരിമാരെയും ഞാൻ ഓർക്കുന്നു. ഫ്രാൻസീസ് മാർപാപ്പ അടുത്തിടെ ഒരു പൊതുസദസ്സിൽ അവരെ അനുസ്മരിച്ചുകൊണ്ട് പറഞ്ഞത്: "അവർ നമ്മുടെ കാലഘട്ടത്തിലെ രക്തസാക്ഷികളാണ്" എന്നാണ് (റോം, 19 ഏപ്രിൽ 2023).

പരിശുദ്ധാത്മാവ് തിരുസഭയ്ക്ക് നൽകുന്ന വിവിധ സിദ്ധികൾക്ക് അനുസൃതമായി, സമർപ്പിതജീവിതത്തിലൂടെ ദൈവരാജ്യത്തിനുവേണ്ടി സേവനംചെയ്യാൻ, അനേകം വ്യക്തികളെ യേശു ഇന്നും വിളിക്കുന്നുണ്ട്.

**ശുശ്രൂഷാപരമായ പൗരോഹിത്യം**

അവസാനമായി, ശുശ്രൂഷാപരമായ പൗരോഹിത്യത്തിലേക്കുള്ള ദൈവവിളിയെക്കുറിച്ച് ഞാൻ ചിന്തിക്കുകയാണ്: അതായത് സുവിശേഷത്തിൻെറ ശുശ്രൂഷകനും പുരോഹിതനും ക്രിസ്തീയ സമൂഹത്തിന് അദ്ധ്യാപകനുമാകാൻ സ്വയം സമർപ്പിച്ചുകൊണ്ട് ഒരു വ്യക്തി അയാളുടെ ജീവൻ നൽകുക. നമ്മുടെ അപ്പസ്തോലിക് വികാരിയേറ്റിൽ, വിവിധ വൈദികപട്ടങ്ങളിൽപെട്ട അനേകം വൈദികർ, പ്രത്യേകിച്ച് കപ്പൂച്ചിൻ വൈദികർ, അറേബ്യയിലെ ഈ ഭാഗങ്ങളിൽ ദൈവജനത്തെ പരിപാലിക്കാൻ പരിശുദ്ധ സിംഹാസനത്തിൻെറ ഉത്തരവനുസരിച്ച് നൂറ്റാണ്ടുകളായി പ്രതിജ്ഞാബദ്ധരാണ്.

നമ്മുടെ അപ്പോസ്തോലിക് വികാരിയേറ്റിനുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച് വികാരിയേറ്റിലെ പ്രവാസികളായ വിശ്വാസികളെ സ്ഥായിയായും ഉറപ്പോടും സേവിക്കുന്ന അനേകം വൈദികരും ഉണ്ട്.

വിവാഹം, സമർപ്പിതജീവിതം, ശുശ്രൂഷാപരമായ പൗരോഹിത്യം എന്ന എല്ലാ ദൈവവിളികൾക്കും നാം കർത്താവിന് നന്ദി പറയുന്നു. ഈ രൂപങ്ങളിലൂടെ, ഓരോ വ്യക്തിയും ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിൻെറ പൂർണ്ണതയിലേക്കുള്ള അവരുടെ അടിസ്ഥാന ദൈവവിളി, അതായത് മാമ്മോദീസായുടെ ദൈവവിളി, തിരിച്ചറിയുന്നു.

**4. ദൈവവിളിയും വിവേചനവരവും**

***ശരിയായ ദൈവവിളിയുടെ വിവേചിച്ചറിയൽ***

എന്നാൽ ഇവിടെ ഒരു നിർണായക ചോദ്യമുണ്ട്, അതായത്, നമ്മുടെ ദൈവവിളി എങ്ങനെ മനസ്സിലാക്കും? ദൈവം നമ്മെ വിവാഹത്തിലേക്കോ സമർപ്പിത ജീവിതത്തിലേക്കോ

ശുശ്രൂഷാപരമായ പൗരോഹിത്യത്തിലേക്കോ ആണ് വിളിക്കുന്നതെന്ന് നമുക്ക് എങ്ങനെ അറിയാൻ സാധിക്കും?

നമ്മുടെ ഓരോരുത്തതുടെയും ദൈവവിളി സ്വാതന്ത്ര്യത്തിലേക്കുള്ള ഒരു വിളിയാണ് (ഗലാ 5:13), അതുകൊണ്ടാണ് ദൈവം വിളിക്കുമ്പോൾ, അവൻ ഒരിക്കലും നമ്മുടെ മേൽ ഒരു തിരഞ്ഞെടുപ്പ് അടിച്ചേൽപ്പിക്കാതെ, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം എന്താണെന്ന് നിർണ്ണയിക്കാനും വിവേചിക്കാനും സാധിക്കുന്ന അടയാളങ്ങൾ നമുക്ക് നൽകുന്നത്.

യുവജനങ്ങൾക്കുവേണ്ടി ഫ്രാൻസീസ് മാർപാപ്പ എഴുതിയ *ക്രിസ്തു ജീവിക്കുന്നു* എന്ന മനോഹരമായ അപ്പസ്തോലിക പ്രബോധനത്തിൽ, ദൈവവിളിയുടെ അടയാളങ്ങൾ തിരിച്ചറിയുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി ഒരു അദ്ധ്യായം ദൈദവിളിയെപ്പറ്റിയും മറ്റൊരു അദ്ധ്യായം വിവേചിച്ചറിയുന്നതിനെപ്പറ്റിയുമുള്ള വിഷയങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. എല്ലാവരെയും, പ്രത്യേകിച്ച്, ഓരോരുത്തരുടെയും ഭാവിജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കാൻ ധൈര്യമുള്ള യുവജനങ്ങളോട്, അത് വായിക്കാൻ ഞാൻ ആവശ്യപ്പെടുകയാണു.

ഇവിടെ, ഫ്രാൻസീസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവവിളി എന്നത് "ഞാൻ എന്തുകൊണ്ടു സൃഷ്ടിക്കപ്പെട്ടു, ഞാൻ എന്തിന് ഭുമിയിലായിരിക്കണം, എന്റെ ജീവിതത്തെ സംബന്ധിച്ചു കർത്താവിനുള്ള പദ്ധതി എന്താണ് എന്നതിന്റെയൊക്കെ തിരിച്ചറിവാണത്. അവിടുന്ന് ഓരോ സ്ഥലവും സമയവും വിശദീകരണവും എന്നെ കാണിക്കുകയില്ല. കാരണം അവയെപ്പറ്റി വിവേകപൂർവകമായ തീരുമാനങ്ങൾ ഞാൻ തന്നെ സ്വീകരിക്കണം. എന്നാൽ അവിടുന്ന് ജീവിതത്തിൽ എന്റെ ഒരു ദിശ കാണിച്ചു തരും. എന്തെന്നാൽ, അവിടുന്ന് എന്റെ സ്യഷ്ടാവാണ്. ഞാൻ അവിടുത്തെ ശബ്ദം കേൾക്കണം. കുശവന്റെ കയ്യിലെ കളിമണ്ണു പോലെ എന്നെതന്നെ വിട്ടുകൊടുക്കാൻ എനിക്കാകും - അവിടുത്തെ രൂപീകരണത്തിനും നേതൃത്വത്തിനുമായി അപ്പോൾ, ഞാൻ എന്തായിരിക്കണമെന്ന് ഉദ്ദേശിക്കപ്പെട്ടുവോ അത് ആയിത്തീരും. എന്റെ യാഥാർത്ഥ്യത്തോട് ഞാൻ വിശ്വസ്തനായിത്തീരും" (ക്രിസ്തു ജീവിക്കുന്നു 256).

ഒരു പ്രത്യേക ദൈവവിളി ഇതിനകം തന്നെ സ്വയം കണ്ടെത്തിയവർ പോലും എല്ലായ്പ്പോഴും അവരുടെ തിരഞ്ഞെടുപ്പുകൾ ആഴത്തിൽ പരിശോധിക്കണം. ജീവിതപങ്കാളികളും സമർപ്പിതരായ വ്യക്തികളും പുരോഹിതൻമാരും തങ്ങളുടെ ദൈവവിളിയോട് വിശ്വസ്തരായിരിക്കാനും അത് സന്തോഷത്തോടെ ജീവിക്കാനുമുള്ള അവരുടെ ജീവിത തിരഞ്ഞെടുപ്പുകൾ നിരന്തരം പുതുക്കണം. നമ്മുടെ ആദിമ തീരുമാനം സന്തോഷപൂർവ്വം പുതുക്കുന്നതിനു നാമെല്ലാവരും നമ്മുടെ ദൈവവിളിയുടെ ഉറവിടങ്ങൾ വീണ്ടും കണ്ടെത്തുകയും ദൈവീകസ്നേഹത്തിൽ നിന്നും കൃപകൾ സ്വീകരിക്കുകയും വേണം.

എന്നാൽ നമ്മുടെ മക്കൾക്കും കൗമാരപ്രായക്കാർക്കും യുവജനങ്ങൾക്കും പ്രത്യേക ശ്രദ്ധ നൽകണം. കാരണം, യൗവ്വനത്തിൽതന്നെ, ഒരു വ്യക്തിയുടെ ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് അടിസ്ഥാനപരമായ ചോദ്യങ്ങൾ ഉയർന്നു വരുകയും, കൂടാതെ നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ ഏറ്റവും മനോഹരമായ ആഗ്രഹങ്ങൾക്കു അനുസൃതമായി ജീവിക്കാൻ നാം സ്വയം എടുക്കേണ്ട തീരുമാനങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയരുകയും ചെയ്യുന്നു.

ദൈവവിളികൾക്കുള്ള അജപാലന പരിപാലനം സഭാജീവതത്തിലെ വെറുമൊരു അദ്ധ്യായമല്ല. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും വിശ്വാസികളെ, പ്രത്യേകിച്ച്

യുവജനങ്ങളെ, അവരുടെ ദൈവവിളി വിവേചിച്ചറിയുന്നതിനും അവർക്കായി ദൈവം ഒരുക്കിയിരിക്കുന്നതു എന്താണെന്നു മനസ്സിലാക്കാൻ സഹായിക്കുന്നതിനുമുള്ള കരുതൽ വേണം.

നാം ഓരോരുത്തരും അതുല്യരും ആവർത്തിക്കപ്പെടാനാവത്തവരുമാണ്, കൂടാതെ നാം ഓരോരുത്തരും ഈ ലോകത്തിലുള്ളത് നമുക്ക് ഒരു പ്രത്യേക ദൗത്യം നിറവേറ്റാനുള്ളതുകൊണ്ടുമാണ്. അതിനാൽ, നിങ്ങളുടെ ദൈവവിളി ഒരുമിച്ച് തിരിച്ചറിയേണ്ടത് സുപ്രധാനമായ ഒരു കാര്യമാണ്.

വാഴ്ത്തപ്പെട്ട കാർലോ അക്യുട്ടിസ് എന്ന മഹാനായ യുവാവു പറഞ്ഞതുപോലെ: നാമെല്ലാവരും ഒറിജിനലായി ജനിച്ചവരാണ്, കാരണം ദൈവം നാം ഓരോരുത്തരെയും വലിയ കാര്യങ്ങൾക്കായി ആഗ്രഹിച്ചു രൂപകൽപ്പന ചെയ്തതാണ്. എന്നാൽ നാം പലപ്പോഴും ഫോട്ടോകോപ്പികൾ പോലെ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു. അതായത്, ദൈവം നമുക്കുവേണ്ടി തയ്യാറാക്കിയ പദ്ധതിക്കനുസരിച്ചല്ല, ഉപരിപ്ലവമായി, ലൗകീക മാനസികാവസ്ഥകൾ നമ്മെ സ്വാധീനിക്കാൻ അനുദവിക്കുകയും അങ്ങനെ അപകടം വിളിച്ചു വരുത്തുകയും ദൈവത്തിൻെറ ദാനങ്ങളെ വലിച്ചെറിയുകയും ചെയ്തുകൊണ്ടാണു നാം ജീവിക്കുന്നത്.

പ്രിയ യുവജനങ്ങളേ, മഹത്തായ കാര്യങ്ങൾ ചെയ്യാൻ നമ്മെ വിളിക്കുന്ന ദൈവത്തിൻെറ സ്നേഹത്തോടുള്ള പ്രതികരണമെന്ന നിലയിൽ നമുക്ക് ഇടത്തരം ചിന്തകൾ ഒഴിവാക്കുകയും, ജീവിതം ഒരു സമ്മാനമായി സ്വീകരിക്കുകയും സന്തോഷത്തോടെ ജീവിക്കുകയും ചെയ്യാം. നമുക്ക് ദൈവത്തിൽ നിന്ന് ലഭിച്ച സമ്മാനങ്ങളും കഴിവുകളും എല്ലാവരുടെയും നൻമക്കായി ഉപയോഗിക്കാം. ഫ്രാൻസീസ് മാർപാപ്പ യുവാക്കളോടു ചോദിക്കുന്ന ചോദ്യങ്ങൾ ദയവായി സ്വീകരിക്കുക: *"നമ്മുടെ തന്നെ ദൈവവിളി വിവേചിച്ചറിയാൻ പരിശ്രമിക്കുമ്പോൾ നാം നമ്മോടു തന്നെ ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്. .....ഞാൻ എന്നെത്തന്നെ, എൻെറ തോന്നലുകൾക്കും വികാരങ്ങൾക്കുമപ്പുറം അറിയുമോ? എൻെറ ഹൃദയത്തിൽ സന്തോഷമോ ദു:ഖമോ കൊണ്ടുവരുന്നത് എന്താണെന്ന് ഞാൻ അറിയുമോ? എൻെറ ശക്തികളും ദൗർബല്യങ്ങളും ഏവയാണ്? ഈ ചോദ്യങ്ങൾ പെട്ടന്ന് മറ്റു ചോദ്യങ്ങൾക്കു തിരികൊളുത്തും. എനിക്ക് എങ്ങനെ ജനങ്ങളെ കൂടുതൽ നന്നായി സേവിക്കാൻ കഴിയും? ഞാൻ നമ്മുടെ ലോകത്തിനും സഭയ്ക്കും ഏറ്റവും കൂടുതൽ സഹായം ചെയ്യുന്നുവെന്ന് എങ്ങനെ തെളിയിക്കാനാകും? ഈ ലോകത്തിൽ യഥാർത്ഥത്തിൽ എൻെറ സ്ഥാനമെന്താണ്? സമൂഹത്തിന് എന്തു നൽകാൻ എനിക്കു കഴിയും (ക്രിസ്തു ജീവിക്കുന്നു 285).*

### *സജീവമായ ഒരു അജപാലന "സംഘം"*

അജപാലന വിളിയുടെ അടിസ്ഥാനപരമായ പ്രാധാന്യം കാരണം, നമ്മുടെ എല്ലാ അജപാലന പ്രവർത്തനങ്ങളെയും ഒരു ദൈവവിളിയായി കരുതി, ജീവിതചക്രവാളങ്ങളെ ചൈതന്യവത്താക്കാൻ സഹായിക്കുന്ന വ്യക്തികളുടെ ഒരു സംഘത്തെ വരും മാസങ്ങളിൽ സ്ഥാപിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. കാരണം, കുടുംബശുശ്രൂഷയും ക്രൈസ്തവരൂപീകരണവും യൂത്ത് മിനിസ്ട്രിയും ക്രിസ്തീയ സമൂഹത്തിലെ വിവിധ സേവനങ്ങളും ശുശ്രൂഷകളുമെല്ലാം ജീവിതത്തിൻെറ സൗന്ദര്യത്തെ ഒരു ദൈവവിളിയായി വീണ്ടും കണ്ടെത്തുന്നതിലേക്ക് നയിക്കുന്നതാകണം.

കൂടാതെ, ഈ വർഷത്തിൽ, ജീവിതത്തിൻെറ അർത്ഥം സംബന്ധിച്ചു നമ്മുടെ യുവജനങ്ങൾക്കുള്ള ഏറ്റവും നിർണായകമായ ചോദ്യങ്ങളെ കൂടുതൽ ആഴത്തിൽ

പരിശോധിക്കുന്നതിനും ദൈവവിളിയെ വിവേചിച്ചറിയാൻ, പ്രത്യേകിച്ച് യുവജനങ്ങൾക്ക് സഹായകമായ ഉപാധികളും യോഗങ്ങളും നടപ്പാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

പ്രിയ യുവജനങ്ങളേ, മഹത്തായ കാര്യങ്ങൾ ആഗ്രഹിക്കുന്ന നിങ്ങളുടെ ഹൃദയ വികാരങ്ങളെ ശ്രവിക്കുകയും, ദൈവവചനം ശ്രവിയ്ക്കുകയും, പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സമയം നീക്കിവെയ്ക്കുകയും, ദിവ്യബലിയിൽ പങ്കെടുക്കുകയും, ഇടവകജീവിതത്തിൽ പങ്കു ചേരുകയും, കൂടാതെ ഒരു സമർപ്പിത വ്യക്തിയുമായും, ഒരു വൈദികനുമായും, നിങ്ങളുടെ ദൈവവിളിയുടെ പാത കണ്ടെത്താൻ നിങ്ങളെ സഹായിക്കുന്ന വിശ്വസ്തരായ ചില മുതിർന്നവരുമായും ആത്മീയബന്ധം സ്ഥാപിക്കുകയും വേണം.

**5. സാക്ഷികളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു**

ജോർദ്ദാൻ നദീ തീരത്ത് യേശുവുമായുള്ള ആദ്യ ശിഷ്യൻമാരുടെ കൂടിക്കാഴ്ചയിൽ നിന്നാണ് നാം തുടങ്ങിയത്. അതേ ക്ഷണമാണ് യേശു ഇന്നും നമുക്ക് നൽകുന്നത്: "വന്നു കാണുക" "നിങ്ങൾ എന്നെ അനുഗമിക്കുക". നാം അവിടുത്തെ ഈ വിളിക്ക് പ്രത്യുത്തരം നൽകുകയും അവിടുത്തെ സുഹൃത്തുക്കളും സാക്ഷികളുമാകാൻ അവിടുത്തെ അനുഗമിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ, ഓരോ സഭാത്മക യാത്രയും നമ്മുടെ ജീവിതത്തിൻെറ സാക്ഷ്യത്തിലൂടെ സുവിശേഷത്തിൻെറ ആനന്ദം എല്ലാവരോടും വെളിവാക്കുവാൻ ലക്ഷ്യമിടുന്നു. എല്ലാ വർഷവും നാം ഒരുമിച്ചു നടത്തുന്ന എല്ലാ ക്രിസ്തീയയാത്രകളും ദൈവവുമായുള്ള നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ബന്ധം ആഴപ്പെടുത്താനും വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും വളരാനും ദൈവരാജ്യം കെട്ടിപ്പെടുക്കാൻ നമ്മുടെ ജീവൻ നൽകാനുമാണ്.

ബെനഡിക്ട് പതിനാറാമൻ ഇതിനെക്കുറിച്ച് പറഞ്ഞത്: *"നമ്മുടെ പ്രവൃത്തികളിലൂടെയും വാക്കുകളിലൂടെയും സ്വഭാവത്തിലൂടെയും മറ്റൊരു വ്യക്തി പ്രത്യക്ഷപ്പെടുമ്പോൾ നാം സാക്ഷികളാകുന്നു. സാക്ഷ്യത്തെ, ദൈവസ്നേഹത്തിൻെറ സത്യം ചരിത്രത്തിലെ എല്ലാ മനുഷ്യരിലേക്കും വന്നതിനും, അവരെ ഈ മൗലികമായ പുതുമയെ സ്വതന്ത്രമായി സ്വീകരിക്കാൻ ക്ഷണിക്കുന്നതിനുമായുള്ള ഒരു മാർഗ്ഗമായി വിശേഷിപ്പിക്കാം. സാക്ഷ്യത്തിലൂടെ, മനുഷ്യസ്വാതന്ത്രത്തിൻെറ അപകടസാധ്യതയ്ക്ക് ദൈവം തന്നെത്തന്നെ വിധേയനാക്കുന്നു എന്ന് ഒരു പക്ഷേ ഒരാൾക്ക് പറയാൻ സാധിക്കും" (സ്നേഹത്തിൻെറ കൂദാശ 85).*

എല്ലാവരുടെയും നല്ല രീതിയിലുള്ള ജീവിതത്തിനുവേണ്ടിയുള്ള പങ്കു വഹിക്കാൻ നാം ആഗ്രഹിക്കുന്നു. പ്രത്യേകിച്ച്, ഫ്രാൻസീസ് മാർപാപ്പ നമ്മെ ക്ഷണിക്കുന്നതുപോലെ, സന്മനസുള്ളവരോടും, മറ്റ് വിശ്വാസങ്ങളിലും മതങ്ങളിലുമുള്ളവരുമായുള്ള ബന്ധം വളർത്തിയെടുക്കുകയും ആഴത്തിലാക്കുകയും, സ്വർഗ്ഗരാജ്യത്തിൻെറ വീക്ഷണത്തിൽ കൂടുതൽ മനുഷ്യത്വത്തിൻെറയും സാഹോദര്യത്തിൻെറയും ഒരു ലോകം ഒരുമിച്ച് കെട്ടിപ്പെടുത്തുകയും വേണം.

നിങ്ങൾക്കറിയാവുന്നതുപോലെ ഏതാനും മാസങ്ങൾക്കുമുമ്പ്, അബുദാബിയിൽ അബ്രഹാമിക് ഫാമിലി ഹൗസ് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഫ്രാൻസീസ് മാർപാപ്പയും അൽ അസ്ഹറിലെ ഗ്രാൻഡ് ഇമാം ഷെയ്ഖ് അഹമ്മദ് എൽ-തയീബും ചേർന്ന് ഒപ്പിട്ട മാനവ സാഹോദര്യത്തെക്കുറിച്ചുള്ള രേഖയിലൂടെയാണ് അത് സാധ്യമായത്. ഇത് മൂന്ന് ആരാധനലയങ്ങളുള്ള, അതായത്, ഒരു മസ്ജിദും, ഒരു യഹൂദപ്പള്ളിയും, അസീസിയിലെ

വിശുദ്ധ ഫ്രാൻസിസിൻെറ നാമധേയത്തിൽ സമർപ്പിച്ചിരിക്കുന്ന ഒരു ക്രൈസ്തവ ദേവാലയവും ഉൾപ്പെടുന്ന ഒരു കെട്ടിടസമുച്ചയമാണ്. മറ്റ് മതങ്ങളിലെ വിശ്വാസികളുമായി നല്ല ബന്ധം വളർത്തിയെടുക്കാനും സമാധാനവും നീതിയും പ്രോത്സാഹിപ്പിക്കുന്ന ഒരു നല്ല ജീവിതത്തിൻെറ നമ്മുടെ സാക്ഷ്യം നൽകാനുമുള്ള മികച്ച അവസരമാണിത്. ഈ കേന്ദ്രവുമായി ബന്ധപ്പെട്ടു യോഗങ്ങൾ, പ്രത്യേകിച്ച് യുവജനങ്ങൾക്കായി, സംഘടിപ്പിക്കാൻ എല്ലാ ഇടവകകളെയും ഞാൻ ക്ഷണിക്കുന്നു. വിശുദ്ധിയിലേക്കുള്ള നമ്മുടെ ദൈവവിളി എപ്പോഴും എല്ലാ സന്മനസുകളുമായുള്ള സംവാദങ്ങളിലൂടെയും ചർച്ചകളിലൂടെയുമാണു നടക്കുന്നതു.

ഈ ക്രിസ്തീയ യാത്രയും, ഈ സാക്ഷ്യവും ജീവിക്കാൻ, വിശുദ്ധ അരേത്താസും അദ്ദേഹത്തിൻെറ സഹരക്തസാക്ഷികളും നമ്മെ സഹായിക്കട്ടെ. അവരുടെ മാതൃകയും ധൈര്യവും അറേബ്യൻ നാട്ടിൽ സമാധാനത്തിൻെറയും അനുരഞ്ജനത്തിൻെറയും സത്യസന്ധമായ സാക്ഷികളാകാൻ നമ്മെ സഹായിക്കട്ടെ.

അറേബ്യാ മാതാവേ, ഞങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥം വഹിക്കണമേ.

എൻെറ അനുഗ്രഹാശിസ്സുകളോടെ,

ബിഷപ്പ് പൗലോ മാർട്ടിനെല്ലി OFM Cap.,
*അപ്പസ്തോലിക് വികാർ ഓഫ് സതേൺ അറേബ്യ*

അബുദാബി, 25 സെപ്റ്റംബർ 2023

മുഖചിത്രം:

“വിശുദ്ധ യോഹന്നാന്റെയും വിശുദ്ധ അന്ത്രയോസിന്റെയും ദൈവവിളി” എന്ന ജയിംസ് റ്റൈസോട്ടിന്റെ ചിത്രത്തിൽ നിന്നും

APOSTOLIC VICARIATE
OF SOUTHERN ARABIA
The Catholic Church in UAE, Oman & Yemen

P.O. Box 54, Abu Dhabi
United Arab Emirates
Tel: +971 2 446 1895
Email: info@avosa.org
www.avosa.org
@avosarabia